**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി- പാളയത്ത് സാഫല്യം കോംപ്ലക്സിൽ പുനരധിവാസത്തിനായി നിർമ്മിച്ച 'സി' ബ്ലോക്കിലെ കടകൾ കച്ചവടക്കാർക്ക് വിലക്ക് നൽകുന്നത്- കെട്ടിടത്തിന്റെ വില സ്ഥലവില ഉൾപ്പെടെ പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3384/2017/തസ്വഭവ. തിരുവനന്തപുരം, തിയതി: 24/10/2017**

---

പരാമർശം:- 1. 03.03.2016 തിയതിയിലെ സ.ഉ(സാധാ)നം.1090/2016/തസ്വഭവ

2. WP(C) Nos. 12723/2008, 15888/09, 2614/12 കളിന്മേലുള്ള ബഹു:ഹൈക്കോടതിയുടെ 20.09.2016 തിയതിയിലെ ഉത്തരവ്

3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 27.09.2017 തിയതിയിലെ ആർ.3/398/2008/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

പാളയം സാഫല്യം കോംപ്ലക്സിലെ 'സി' ബ്ലോക്കിൽ പുനരധിവാസ വ്യവസ്ഥയിൽ അലോട്ട് ചെയ്ത കടകൾ കച്ചവടക്കാർക്ക് പ്ളിന്ത് ഏരിയ ഒരു സ്കൊയർ ഫീറ്റിന് സ്ഥല വില കൂടാതെ 5292.42/- രൂപയ്ക്ക് വില്ലുന്നതിന് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകുകയുണ്ടായി

(2)ബഹു ഹൈക്കോടതിയുടെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം ടി കടകൾ കച്ചവടക്കാർക്ക് വിലയ്ക്ക് നൽകാൻ ഉത്തരവായതായും ആയതിനാൽ സ്ഥലവില കൂടി ഉൾപ്പെടുത്തി കെട്ടിടത്തിന് 11 വർഷത്തെ കാലപ്പഴക്കമുള്ളതിനാൽ കെട്ടിടത്തിന്റെ പുനർനിർമ്മാണ ചെലവ്, ഡിപ്രീസിയേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ കണക്കാക്കി പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ട്രിഡാ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പാളയം സാഫല്യം കോംപ്ലക്സിലെ 'സി' ബ്ലോക്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് സെന്റൊന്നിന് 10,00,000/- രൂപയും പുനർനിർമ്മാണ ചെലവ്, ഡിപ്രീസിയേഷൻ എന്നിവ പരിഗണിച്ചതിന് ശേഷം കെട്ടിടത്തിന് പ്ളിന്ത് ഏരിയ ഒരു സ്കൊയർ ഫീറ്റിന് 4562.77 രൂപയും നിശ്ചയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പാളയം സാഫല്യം കോംപ്ലക്സിലെ 'സി' ബ്ലോക്കിൽ പുനരധിവാസ വ്യവസ്ഥയിൽ അലോട്ട് ചെയ്ത കടകൾ സ്ഥലവില ഉൾപ്പെടെ പ്ളിന്ത് ഏരിയ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര അടിക്ക് 5221 രൂപ (അയ്യായിരത്തി ഇരുനൂറ്റി ഇരുപത്തി ഒന്ന് രൂപ മാത്രം) നിരക്കിലും (ഒരു ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയയ്ക്ക് 56,176/- രൂപ ) കാർപ്പറ്റ് ഏരിയ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര അടിക്ക് 9450 രൂപാ (ഒൻപതിനായിരത്തി നാനൂറ്റി അൻപത് രൂപ മാത്രം) നിരക്കിലും (ഒരു ചതുരശ്ര മീറ്റർ കാർപ്പറ്റ് ഏരിയയ്ക്ക് 1,01,678.56/- രൂപ) കച്ചവടക്കാർക്ക് വിലയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല സി.എസ്**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പൊതുമരാമത്ത് വകുപ്പ് (07.10.17 തീയതിയിലെ ഇ 1/393/2017/പൊമവ നം. കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**